**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 221** | **14-02-2024 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ വനവത്കരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | വനം വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഓരോ വിഭാഗത്തിലും സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>**സാമൂഹിക വനവത്കരണ വിഭാഗം** വനമേഖലയ്ക്ക് പുറത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുക എന്നതാണ് സാമൂഹ്യവനവൽക്കരണ വിഭാഗത്തിന്റെ മുഖ്യമായ ലക്ഷ്യം. ഈ വിഭാഗവുമായി ബന്ധപ്പെട്ട് വൃക്ഷസമൃദ്ധി, നഗരവനം, ഫോറസ്ട്രി ക്ലബ്, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, കണ്ടൽസംരക്ഷണ പ്രവർത്തനങ്ങൾ, കാവുകൾക്കുള്ള ധനസഹായം, പരിഹാര വനവത്കരണം, വൃക്ഷം വളർത്തൽ പ്രോത്സാഹന ധനസഹായം, കടലാമ സംരക്ഷണം, വനമിത്ര അവാർഡ്, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, പത്ര പ്രവർത്തകർ എന്നിവരിൽ പരിസ്ഥിതി പ്രവർത്തനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി പ്രകൃതി പഠന ക്യാമ്പ് സംഘടിപ്പിക്കൽ, വഴിയോരത്തണൽ പദ്ധതി, ജൈവ വൈവിധ്യ സർവ്വെ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. വിദ്യാവനം, നഗരവനം, സ്കൂൾ നഴ്സറി യോജന, ജൈവ വൈവിധ്യ പാർക്ക്, ബട്ടർഫ്ലൈ ഗാർഡൻ എന്നിവ നൂതന സംരഭങ്ങളാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതിയ ഫോറസ്ട്രി ക്ലബ്ബുകൾ ആരംഭിക്കുന്നതിനും, നിലവിലുള്ളവ പുനരുജ്ജീവിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.<br><br>**ഇക്കോ ഡെവലപ്പ്മെന്റ് & ട്രൈബൽ വെൽഫയർ**<br><br>പങ്കാളിത്ത വനപരിപാലനത്തിലൂന്നിയ ഒരു വനസംരക്ഷണ സംസ്കാരം വളർത്തിയെടുക്കുക അതിലൂടെ വനാശ്രിതരുടെ ശാക്തീകരണവും അവരുടെ ജീവിതനിലവാര ഉയർച്ചയും ഉറപ്പാക്കുക, |

വനാശ്രിതരുടെ ക്ഷേമവും വനങ്ങളുടെ വിസ്തൃതി വർദ്ധനവും പ്രദാനം ചെയ്യത്തക്ക വിധത്തിൽ കേന്ദ്ര- സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുക, വനാശ്രിതർക്ക് മെച്ചപ്പെട്ട തൊഴിലും ഉയർന്ന ജീവിത നിലവാരവും പ്രദാനം ചെയ്യുക തുടങ്ങിയവയാണ് ലക്ഷ്യങ്ങൾ.

പട്ടികവർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമം, 2006 നടപ്പിലാക്കി. ചെറുകിട വന വിഭവങ്ങൾക്ക് താങ്ങുവില ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി, വൻ ധൻ വികാസ് കേന്ദ്രങ്ങളുടെ രൂപീകരണം, വനശ്രീ യൂണിറ്റുകൾ സ്ഥാപിക്കുക, വനാശ്രിതരായ തദ്ദേശവാസികളെ ഉൾപ്പെടുത്തി വിവിധ ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കുക എന്നിവ പ്രധാന പ്രവർത്തനങ്ങളാണ്. വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങൾക്ക്, പ്രത്യേകിച്ച് ആദിവാസി സമൂഹങ്ങൾക്ക് മതിയായ തൊഴിൽ നൽകുന്നതിന് ഇതുവഴി സാധിക്കുന്നു. കൂടാതെ ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി, നഗർവൻ, നഗർവാടിക, സ്കൂൾ നഴ്സറി യോജന എന്നീ നവീന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

**<u>വന്യജീവി വിഭാഗം</u>**

ജനവാസമേഖലകളിൽ അപകടകരമായി കാണപ്പെടുന്ന പാമ്പുകളെ സുരക്ഷിതമായി പിടികൂടുന്നതിനും, അനുയോജ്യമായ ആവാസ വ്യവസ്ഥയിൽ വിട്ടയയ്ക്കുന്നതിനുമായി സംസ്ഥാന സർക്കാർ അംഗീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 2020 ആഗസ്റ്റ് 18 മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതും രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി **SARPA (Snake Awareness Rescue and Protection App) മൊബൈൽ ആപ്പ്** അന്നേ ദിവസം മുതൽ അവതരിപ്പിച്ചിട്ടുള്ളതുമാണ്. ജനങ്ങളുടെ സുരക്ഷയും വന്യജീവികളുടെ സംരക്ഷണവും ഇതിലൂടെ ഉറപ്പുവരുത്തുന്നു.

വന്യജീവികളുടെ ആക്രമണത്തിൽ നിന്ന് നാടിനെയും നാട്ടുകാരേയും സംരക്ഷിക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

# സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നു.

# വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ അയയ്ക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി) സേവനം വിനിയോഗിച്ചവരുന്നു. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പതിനഞ്ച് റാപ്പിഡ് റെസ്പോൺസ് ടീമുകളാണ് നിലവിൽ ഉള്ളത്. ആയവ നിലമ്പൂർ നോർത്ത്, വയനാട്, പാലക്കാട്, കണ്ണൂർ,റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ, കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി, പീരുമേട് എന്നിവിടങ്ങളിലും പ്രവർത്തിച്ച വരുന്നു.

# വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.

# മനുഷ്യ-വന്യജീവിസംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള **ജനകീയ ജനജാഗ്രതാ സമിതികൾ** 03.01.2017-തീയതിയിലെസ.ഉ(സാധാ)നം.2/2017/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 261 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്ത് പ്രവർത്തിച്ച വരുന്നു. ടി സമിതികൾ അടിയന്തര സാഹചര്യങ്ങളിലും അല്ലാത്തപക്ഷം ചുരുങ്ങിയത് രണ്ട് മാസത്തിലൊരിക്കൽ യോഗം കൂടി കാര്യങ്ങൾ വിലയിരുത്തുകയും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള ശിപാർശകൾ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകി വരികയും ചെയ്യുന്നുണ്ട്.

# കൃഷിയിടങ്ങളിലേക്കിറങ്ങുന്ന കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ച് വരുന്നുണ്ട്.

# ജനവാസ മേഖലയിലിറങ്ങുന്ന ആനയെതിരികെ കാട്ടിലേക്ക് തുരത്താൻ കഴിയാതെ വരുന്നപക്ഷം അവയെ പിടികൂടി ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്. ജനവാസ മേഖലകളിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന കടുവകളെ കൂടുവെച്ചും മയക്കുവെടി വച്ചും പിടികൂടി സുൽത്താൻബത്തേരി അനിമൽ ഹോസ്സ്പേസ് സെന്റർ ആന്റ് പാലിയേറ്റിവ്കെയർ യൂണിറ്റിൽ അല്ലെങ്കിൽ ഉചിതമായ മറ്റ് സംരക്ഷണ

കേന്ദ്രങ്ങളിലോ പാർപ്പിച്ച് ചികിൽസ നൽകി സംരക്ഷിക്കുകയും ചെയ്തുവരുന്നു.

# ജനവാസമേഖലകളിലിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ചു കൊല്ലുന്നതിന് നിലവിൽ ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം ഓണററി വൈൽഡ് ലൈഫ് വാർഡൻ / അധികാരപ്പെട്ട ഉദ്യോഗസ്ഥനിൽ ഡെലിഗേറ്റ് ചെയ്തുകൊണ്ട് സ.ഉ.(സാധാ) നം. 239/2022/വനം തീയതി 31.05.2022 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ കാലാവധി 28.05.2023 മുതൽ ഒരു വർഷത്തേക്കും കൂടി ദീർഘിപ്പിച്ച് കൊണ്ട് സ.ഉ.(കൈ)നം. 11/2023/ വനം തീയതി 27.05.2023 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 30.05.2023-ലെ KFDHQ/3331/2021/Chief Wildlife Warden/WL11 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

വന്യജീവി ആക്രമണം മൂലമുള്ള നഷ്ടപരിഹാരത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനായി **ഇ-ഡിസ്ട്രിക്ട് പോർട്ടലിൽ** സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പോർട്ടൽ നിലവിൽ വന്നതിന് ശേഷം ഈ വിഷയം സുതാര്യവും കാര്യക്ഷമമായും നിർവ്വഹിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**ഫിനാൻസ്, ബഡ്ജറ്റ് & ഓഡിറ്റ്**

വനംവകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 2020-21 മുതൽ നാളിതുവരെ 64 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. കൂടാതെ ആയുധങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നബാർഡിന്റെ Tranche – XXVI, XXVII എന്നിവയിൽ ഉൾപ്പെടുത്തി ഫോറസ്റ്റ് സ്റ്റേഷനുകൾ, ചെക്ക് പോസ്റ്റുകൾ എന്നിവയുടെ നിർമ്മാണത്തിനും, റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ വിപുലീകരണത്തിനും നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് ഫണ്ട് മുഖേന 2022-23 മുതൽ 2024-25 വരെയുള്ള കാലയളവിലേക്ക് തേക്ക് തോട്ടങ്ങളുടെ പ്രത്യേക പരിപാലനം, ചന്ദനക്കാടുകളുടെ പുനരുജ്ജീവനവും സംരക്ഷണവും, പൂർണ്ണമായും യന്ത്രവൽകൃത

സംവിധാനത്തിൽ തേക്ക് തോട്ടങ്ങൾ വച്ചു പിടിപ്പിക്കുന്നതിനായി ഓരോ സർക്കിളിലും ഓരോ പൈലറ്റ് പദ്ധതി വീതം നടപ്പിലാക്കൽ, അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്കായി നൂതനമാർഗ്ഗങ്ങൾ അവതരിപ്പിക്കൽ, പ്രധാനപ്പെട്ട ആറ് തടിവിൽപ്പന ഡിപ്പോകളുടെ ആധുനികവൽക്കരണം, പത്ത് തടിവിൽപ്പന ഡിപ്പോകളിൽ ചുറ്റുമതിൽ നിർമ്മാണം, തനതായ ആവാസവ്യവസ്ഥയിൽ കടുത്ത വംശനാശഭീഷണി നേരിടുന്ന സസ്യജാലങ്ങളുടെ പരിപാലനം, വിവരസാങ്കേതിക വിദ്യയിലൂടെ ഭൂദൃശ്യ പരിസ്ഥിതി പരിപാലനതലത്തിലുള്ള ഏകോപനം, ഉൾക്കാടുകളുടെ പരിപോഷണം,ക്വാർട്ടേഴ്സുകളുടേയും ക്യാമ്പ്ഷെഡുകളുടേയും നിർമ്മാണം/നവീകരണം/ അറ്റകുറ്റപ്പണികൾ, വനമേഖലകളിലെ മഴക്കുഴി നിർമ്മാണം, തൈ ഉൽപ്പാദനം, സെൻട്രൽ/ജില്ലാ നഴ്സറികളുടെ ശേഷി വർദ്ധിപ്പിക്കൽ, സംസ്ഥാന വനപരിശീലന കേന്ദ്രങ്ങളിലെ പരിശീലന സൗകര്യങ്ങളുടെ കാലോചിതമായ നവീകരണവും ആധുനികവൽക്കരണവും തുടങ്ങിയ 13 ഇനം പദ്ധതികൾ നടപ്പാക്കാൻ 30.05.2022– തീയതിയിലെസ.ഉ(കൈ)നം.30/2022/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 20991.46 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും ആയത് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതുമാണ്.

**<u>ഫോറസ്റ്റ് മാനേജ് മെന്റ്</u>**

സംരക്ഷണ വിഭാഗം ജീവനക്കാർ വനമേഖലയിൽ ഫീൽഡ് പരിശോധനകൾ നടത്തി കുറ്റകൃത്യങ്ങൾ തടയുന്നതിന് വനനിയമപ്രകാരം കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നു. വനംകയ്യേറ്റം തടയുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രവൃത്തികൾ ചെയ്തു വരുന്നു.

# നിലവിലെ വനാതിർത്തികളും ജനവാസമേഖലകളുമായി ബന്ധപ്പെട്ടു കിടക്കുന്ന വനമേഖലകളും സർവ്വേ ചെയ്ത് ജണ്ട കെട്ടൽ.

# വനം-റവന്യൂ വകുപ്പുകൾ ചേർന്ന് വനാതിർത്തികൾ ഡിജിറ്റലൈസ് ചെയ്യൽ.

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് സത്വര പരിഹാരം കാണുന്നതിന് ആധുനിക സാങ്കേതിക സംവിധാനങ്ങൾ വനസംരക്ഷണ പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തി വരുന്നു.

| | | | |
|---|---|---|---|
| | | | കാട്ടുതീ തുടങ്ങിയവ തടയുന്നതിന് ജനങ്ങൾക്കിടയിൽ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. ഫയർലൈൻ പ്രവർത്തികൾ മെച്ചപ്പെട്ട രീതിയിൽ നടത്തിവരുന്നു.<br><br>ആദിവാസി സമൂഹങ്ങളെ ഉൾപ്പെടുത്തി വനമേഖലയ്ക്കുള്ളിൽ ക്യാമ്പ് ഷെഡുകൾ തയ്യാറാക്കി അവിടങ്ങളിൽ ക്യാമ്പ് ചെയ്ത് ഫീൽഡ് പരാമ്പുലേഷൻ, കഞ്ചാവ് റെയ്ഡ് എന്നിവ നടത്തിവരുന്നു.<br><br>ഇതര സംസ്ഥാന അതിർത്തികൾ പങ്കിടുന്ന സ്ഥലങ്ങളിൽ പരിശോധനകളും കാര്യക്ഷമമാക്കുന്നു. ഇതിന്റെ ഭാഗമായി ആദിവാസി സമൂഹത്തിൽപ്പെടുന്നവരും വനത്തെ തിരിച്ചറിയുന്നതുമായ വിഭാഗങ്ങളെ ഉൾപ്പെടുത്തി പ്രത്യേകമായി ഫോറസ്റ്റ് വാച്ചർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ സൃഷ്ടിച്ച് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വന ജാഗ്രതാ സമിതി, ജന ജാഗ്രതാ സമിതി, വനസംരക്ഷണ സമിതി എന്നിവ ജനപങ്കാളിത്തത്തോട് കൂടി വനസംരക്ഷണം ഉറപ്പ് വരുത്തുന്നതിലേയ്ക്കുവേണ്ടി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>വനസംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ ഫോറസ്റ്റ് സ്റ്റേഷൻ സമ്പ്രദായം ആരംഭിക്കുകയും നിലവിൽ 124 സ്റ്റേഷനുകൾ രൂപീകരിച്ച് പ്രവർത്തിക്കുകയും ചെയ്തുവരുന്നു. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി NABARD-RIDF സ്കീമിൽ ഉൾപ്പെടുത്തി ഏതാനും ഫോറസ്റ്റ് സ്റ്റേഷനുകളെ മോഡൽ ഫോറസ്റ്റ് സ്റ്റേഷനുകളായി നവീകരിച്ചിട്ടുണ്ട്.<br><br>തടിയേതര വനവിഭവ ശേഖരണത്തിനും വിപണനത്തിനുമായി പ്രധാനമന്ത്രിയുടെ 'വൻധൻ യോജന' പദ്ധതിയിൽ ഉൾപ്പെടുത്തി സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ച് 'വൻധൻ വികാസ് കേന്ദ്ര' പ്രവർത്തിച്ച് വരുന്നു. |
| (ബി) | സാമൂഹ്യ വനവത്കരണ പ്രവർത്തനങ്ങൾ കൂടുതൽ ജനോപകാരപ്രദമാക്കാൻ നടപ്പാക്കി വരുന്ന പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ബി) | സാമൂഹ്യ വനവത്കരണ പ്രവർത്തനങ്ങൾ കൂടുതൽ ജനോപകാരപ്രദമാക്കാൻ നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>വിദ്യാവനം, നഗരവനം, സ്കൂൾ നഴ്സറി യോജന, കണ്ടൽസംരക്ഷണ പ്രവർത്തനങ്ങൾ, ജൈവവൈവിധ്യ പാർക്ക്, ബട്ടർഫ്ലൈ ഗാർഡൻ, |

| | | | |
|---|---|---|---|
| | | | സ്കൂൾ/കോളേജുകളിൽ ഔഷധത്തോട്ടം, പരിഹാര വനവൽക്കരണം, അർബൻ ഫോറസ്ട്രി & അവന്യൂ പ്ലാന്റിംഗ് എന്നീ പദ്ധതികൾ നിലവിൽ നടപ്പാക്കിവരുന്നു. കൂടാതെ എല്ലാ വർഷവും തെരെഞ്ഞെടുത്ത കാവുകൾക്ക് ധനസഹായം, സ്വകാര്യഭൂമിയിൽ തടിയുൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം, കണ്ടൽക്കാടുകൾ നിലനിർത്തുന്നതിന് സ്വകാര്യ ഉടമസ്ഥർക്ക് ധനസഹായം എന്നിവ നൽകിവരുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫണ്ട് ഉപയോഗപ്പെടുത്തി വനം വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി "വൃക്ഷസമൃദ്ധി പദ്ധതി" സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്. ടി പദ്ധതി പ്രകാരം കൂടുതൽ തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുവാൻ സാധിക്കുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതിയ ഫോറസ്ട്രി ക്ലബ്ബുകൾ ആരംഭിക്കുന്നതിനും, നിലവിലുള്ളവ പുനരുജ്ജീവിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ